ഭരണഭാഷ-മാതൃഭാഷ

പി.2/11578/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി - 20/04/2017

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - KIIFB - യിൽ ഉൾപ്പെടുത്തി സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ഭൂമി വാങ്ങുക, കളിസ്ഥലവികസനം, ഇൻഡോർസ്റ്റേഡിയം നിർമ്മാണം എന്നിവയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 16/03/2017 - ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെഅർദ്ധ ഔദ്യോഗിക കത്ത് നം.862839/കെ3/16/ഉ.വി.വ

സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഭൂമി വാങ്ങുക, കളിസ്ഥലങ്ങളോ, ഇൻഡോർ സ്റ്റേഡിയങ്ങളോ നിർമ്മിക്കുക എന്നി പദ്ധതികൾ KIIFB യിൽ (Kerala Infrastructure Investment Fund Board) ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിന് വളരെ അടിയന്തരമായി ഭൂമി വാങ്ങുക, കളിസ്ഥലം, ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്നിവ ആവശ്യമുള്ള കോളേജുകളെ കണ്ടെത്തി അവർ മുഖാന്തിരം വിശദമായ പദ്ധതി നിർദ്ദേശം തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വളരെ അടിയന്തിരമായി ഭൂമി വാങ്ങുക, കളിസ്ഥലം, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കുക എന്നിവ ആവശ്യമുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ ഏപ്രിൽ 29 - ാം തീയതിക്കകം തന്നെ വിശദമായ പ്രൊപ്പോസൽ നൽകണമെന്ന് അറിയിക്കുന്നു.

ഒപ്പ്/-
ആർ.വിക്രമൻ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്: എല്ലാ സർക്കാർ ആർട്സ് &
സയൻസ് കോളേജ് പ്രിൻസിപ്പാൾമാർക്കും //അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ- 21/04/2017

2243061

GOVERNMENT OF KERALA

B. SRINIVAS I.A.S.
PRINCIPAL SECRETARY

Higher Education Department
Government of Kerala
Thiruvananthapuram-695 001
Phone: Office : 0471-2328410
2518459
Fax : 2332245
E-mail : srinivasanurag@gmail.com

To Planning
29/3/17

DIRECTORATE OF COLLEGIATE EDUCATION
29 MAR 2017
11578
THIRUVANANTHAPURAM

**അർദ്ധ ഔദ്യോഗിക കത്ത് നം: 862339/കെ3/16/ഉ.വിവ തീയതി : 16-03-2017**

പ്രിയപ്പെട്ട ഡോ. പത്മകുമാരി,

Kerala Infrastructure Investment Fund Board – ന്റെ സഹായത്തോടു കൂടി ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും കോളേജുകളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും വിവിധ പദ്ധതികൾ തയ്യാറാക്കി വരികയാണ്. അതോടൊപ്പം തന്നെ കോളേജുകളുടെ വികസനത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിനും, കളിസ്ഥലങ്ങളോ ഇൻഡോർ സ്റ്റേഡിയങ്ങളോ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കൂടി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ താങ്കളുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലേക്ക് അടിസ്ഥാന സൗകര്യവികസനത്തിന് വളരെ അടിയന്തിരമായി ഭൂമി വാങ്ങേണ്ടതുണ്ടെങ്കിൽ എങ്കിൽ അവ സംബന്ധിച്ച വ്യക്തമായ ഒരു പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുവാൻ പ്രിൻസിപ്പാൾമാരോട് ആവശ്യപ്പെടുവാൻ താൽപര്യപ്പെടുന്നു. അതോടൊപ്പം തന്നെ KIIFB ധനസഹായത്തോടെ കളിസ്ഥല വികസനം ആവശ്യപ്പെടുന്ന കോളേജുകളെ കണ്ടെത്തി അവർ മുഖാന്തിരം വിശദമായ പദ്ധതി നിർദ്ദേശം തയ്യാറാക്കി സമർപ്പിക്കണമെന്ന് താൽപര്യപ്പെടുന്നു.

Regards,

വിശ്വസ്തതയോടെ,

B. Srinivas
28/03/17

ഡോ.എ. എൻ. പത്മകുമാരി,
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
തിരുവനന്തപുരം